(സി) മേല്പറഞ്ഞ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ബാങ്കുകാരും സർക്കാരിന്റെ കൈവശമാണോ ഉള്ളത്?

ശ്രീ. എ. ജെ. ജോൺ: 5 ലക്ഷം രൂപയുടെ ബാങ്കുകാരും തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റിന്റെ കൈവശമുണ്ട്.

ആശുപത്രി

*൯൫൪. (൪) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പ് മന്ത്രി സദയം മറുപടി നല്കുമോ.—

പന്തളത്ത് ഒരാശുപത്രി പണിയുന്നതിനു ഗവണ്മെന്റിൽനിന്നു സഹായവാഗ്ദാനം ചെയ്തിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ) ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അവിടെ പണ്ടായി ഒരു ആശുപത്രി പണിയാൻ പോകുന്നതായി താഴ്മയോടെ അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിയാം.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: സ്ഥലവാസികളും അതിലേയ്ക്ക് എന്തെങ്കിലും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ ജെ. ജോൺ: ഉണ്ട്. സഹായം നല്കാൻ നിവൃത്തിയില്ല.

മാവേലിക്കര ജില്ലാക്കോടതിയിലിരിക്കുന്ന കെട്ടിടം

*൯൫൫. (൫) ശ്രീ. കണ്ണാറ ഗോപാലപണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) മാവേലിക്കര ജില്ലാക്കോടതിയിലിരിക്കുന്ന കെട്ടിടത്തിനു എത്ര രൂപ വാടകയായിരുന്നു എന്നും ഇപ്പോൾ എത്ര രൂപയാണെന്നും പറയുവാൻ മയവുണ്ടാകുമോ;

(ബി) മാവേലിക്കര ജില്ലാക്കോടതി ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തുനിന്നും അതിന്റെ അധികാരാതിർത്തിക്കുള്ളിലുള്ള ഏതു ദൂരത്തേയ്ക്കാണെന്നു ഗവണ്മെന്റിനറിയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൧൯൪൯-മാണ്ട് അവസാനംവരെ ൬൦ രൂപാ വാടകമാസം കൊടുത്തിരുന്നു. ഇപ്പോൾ ൧൫൦ രൂപാ മാസം കൊടുക്കുന്നുണ്ട്.

(ബി) ഏതാണ്ട് ൩൫ നാഴിക ദൂരം.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ആ വാടക പെട്ടെന്ന് കൂട്ടുവാനുണ്ടായ കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: വാടക കൂടുതൽ വേണമെന്ന് ആവശ്യപ്പെട്ടു. സൗകര്യത്തിനു വേറെ കെട്ടിടം കിട്ടാത്തതുകൊണ്ടു കൂടുതൽ വാടക കൊടുക്കുകയാണുണ്ടായത്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഈ ജില്ലാക്കോടതിയുടെ അധികാരാതിർത്തി പടിഞ്ഞാറ് എത്രദൂരം ഉണ്ടെന്ന് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly